"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പൂവത്തുംമൂട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.പത്തനംതിട്ട സബ് കോടതിയിലെ എൽ.എ.ആർ. കേസുകളുടെ ബാലൻസ് തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.448/2024/PWD തീയതി,തിരുവനന്തപുരം, 09-04-2024

പരാമർശം:-
1. സഉ(സാധാ)നം.1083/2021/പൊമവ തീയതി 04.12.2021
2. സഉ(സാധാ)നം.959/2022/പൊമവ തീയതി 23.09.2022
3. സഉ(സാധാ)നം.436/2023/പൊമവ തീയതി 31.03.2023
4. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 11-08-2023 തീയതിയിലെ CEPWD/12821/2022-FR1(F)-RD നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പൂവത്തുംമൂട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.പത്തനംതിട്ട സബ്കോടതിയിലെ 88/2011, 89/2011, 90/2011, 91/2011, 92/2011, 93/2011, 94/2011 എന്നീ ഏഴ് എൽ.എ.ആർ. കേസുകളുടെ വിധിത്തുക ഒടുക്കുന്നതിനായി; 6,35,748/- രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത എൽ.എ.ആർ. കേസുകളിൽ ഉൾപ്പെട്ട 90/2011, 91/2011, 92/2011, 93/2011, 94/2011 എന്നീ അഞ്ച് കേസുകളുടെ വിധിക്കടബാക്കി ഒടുക്കുന്നതിന് ആവശ്യമായ 2,12,188/- രൂപയും കൂടി ഉൾപ്പെടുത്തി ആകെ 8,47,936/- രൂപയുടെ ഭരണാനുമതി പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരവും, മേൽ കേസുകളിലെ 94/2011 നമ്പർ കേസിന്റെ വിധിക്കടബാക്കിത്തുക ഒടുക്കുന്നതിനാവശ്യമായ 81,749/- രൂപയും കൂടി ഉൾപ്പെടുത്തി ആകെ 9,29,685/- രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം (3) പ്രകാരവും 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ടായിരുന്നു.

2) മേൽ എൽ.എ.ആർ. കേസുകളിൽ ഉൾപ്പെട്ട 92/2011 എന്ന കേസിന് വിധിക്കടബാക്കിയായി ഇനിയും 1,58,334/- രൂപ കൂടി ഒടുക്കാനുണ്ടെന്നും , മുൻപ് അനുവദിച്ച 9,29,685/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി തുകയും കൂടി ഉൾപ്പെടുത്തി ആകെ 10,88,019/- രൂപയുടെ (9,29,685+1,58,334) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പൂവത്തുംമൂട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.പത്തനംതിട്ട സബ്കോടതിയിലെ 92/2011 നമ്പർ കേസിന്റെ വിധിക്കടബാക്കി ഒടുക്കുന്നതിനായി പ്രസ്തുത പ്രവ്ൃത്തിയുമായി ബന്ധപ്പെട്ട കേസുകൾക്ക് വിധിത്തുക നൽകുന്നതിനായി മുൻപ് അനുവദിച്ച 9,29,685/- രൂപയുള്ള ഭരണാനുമതിയോടൊപ്പം ഇപ്പോൾ ആവശ്യമായ 1,58,334/- രൂപയും കൂടി ഉൾപ്പെടുത്തി ആകെ 10,88,019/- രൂപയുടെ (പത്തു ലക്ഷത്തി എൺപത്തെട്ടായിരത്തി പത്തൊൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ നിരത്തുകൾ / പാലങ്ങൾ വിഭാഗം
ജില്ലാ കളക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Chithralekha v v
സെക്ഷൻ ഓഫീസർ
Date: 09-04-2024 12:01:58